29-10-2026

Obituary Reference

ചരമോപചാരം

സൂര്യ കൃഷ്ണമൂർത്തി, ചെറുവയൽ രാമൻ എന്നിവരുടെ നിര്യാണം

മി. സ്പീക്കർ: ഓർഡർ... ഓർഡർ... സുപ്രസിദ്ധ കലാസാംസ്കാരിക പ്രവർത്തകനായിരുന്ന സൂര്യ കൃഷ്ണമൂർത്തി 2026 സെപ്റ്റംബർ 23-നും ജൈവകൃഷി സംരക്ഷകനും പൈതൃക നെൽവിത്തുകളുടെ കാവലാളുമായിരുന്ന ചെറുവയൽ രാമൻ 2026 ഒക്ടോബർ 14-നും അന്തരിച്ചു.

സൂര്യ കൃഷ്ണമൂർത്തി

സുപ്രസിദ്ധ കലാസാംസ്കാരിക പ്രവർത്തകൻ സൂര്യ കൃഷ്ണമൂർത്തി 2026 സെപ്റ്റംബർ 23-ന് അന്തരിച്ചു. സൂര്യ സ്റ്റേജ് ആൻഡ് ഫിലിം സൊസൈറ്റി സ്ഥാപിക്കുകയും ശബ്ദവും വെളിച്ചവും സമന്വയിപ്പിച്ചുകൊണ്ടുള്ള ലൈറ്റ് ആൻഡ് സൗണ്ട് ഷോകൾ ജനകീയമാക്കുകയും ചെയ്തതിലൂടെ കലാസ്വാദകർക്ക് സുപരിചിതനായിരുന്നു. മലയാളത്തിലെ ആദ്യ ലൈറ്റ് ആൻഡ് സൗണ്ട് ഷോയുടെ ശില്പിയാണ് അദ്ദേഹം. ടൂറിസം വാരാഘോഷം എന്ന ആശയത്തിന്റെ ഉപജ്ഞാതാവും അദ്ദേഹമാണ്. ചീഫ് എഞ്ചിനീയറായിരുന്ന ടി. നടരാജ പിള്ളയുടെയും

29-10-2026

Obituary Reference

ഗാന്ധി പീസ് ഫൗണ്ടേഷൻ പ്രവർത്തക സി. സരസ്വതി അമ്മയുടെയും മകനായി 1951 ഏപ്രിൽ 11-ന് കോട്ടയത്താണ് നടരാജ കൃഷ്ണമൂർത്തി എന്ന സൂര്യ കൃഷ്ണമൂർത്തിയുടെ ജനനം. തിരുവനന്തപുരം മോഡൽ സ്കൂൾ, ആർട്സ് കോളേജ്, കൊല്ലം ടി.കെ.എം. എൻജിനീയറിങ് കോളേജ് എന്നിവിടങ്ങളിലായി വിദ്യാഭ്യാസം പൂർത്തിയാക്കിയ അദ്ദേഹം ഐ.എസ്.ആർ.ഒ.യിലെ എഞ്ചിനീയർ തസ്തികയിൽനിന്നും സ്വയം വിരമിച്ച ശേഷമാണ് കലാസാംസ്കാരിക രംഗത്ത് സജീവമായത്. രാഷ്ട്രപതിയുടെ സ്റ്റേജ് ക്രാഫ്റ്റ് & ഡയറക്ഷനുള്ള ദേശീയ പുരസ്കാരം 1996-ലും കേരള സർക്കാർ ബഹുമതിയായ കേരളപ്രഭ പുരസ്കാരം 2023-ലും അദ്ദേഹത്തെ തേടിയെത്തി. കേന്ദ്ര സംഗീത നാടക അക്കാദമി പുരസ്കാരം, കേരള സംഗീത നാടക അക്കാദമി ഫെല്ലോഷിപ്പ്, തമിഴ്നാട് സർക്കാരിന്റെ കലൈമാമണി പുരസ്കാരം, പോണ്ടിച്ചേരി സർക്കാരിന്റെ സമഗ്രസംഭാവനയ്ക്കുള്ള പുരസ്കാരം എന്നിവയും അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. 2003-ൽ ലിംക ബുക്ക് ഓഫ് റിക്കോർഡ്സിന്റെ 'മാൻ ഓഫ് ദി ഇയർ' ആയി തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. ഇന്ത്യാ ഗവൺമെന്റിന്റെ സാംസ്കാരിക

Obituary Reference

വകുപ്പിന്റെ വിദഗ്ധസമിതിയിലും രാജ്യത്തിന്റെ സാംസ്കാരിക നയം വികസിപ്പിക്കുന്നതിനായി കേന്ദ്രസാംസ്കാരിക വകുപ്പ് രൂപീകരിച്ച സ്റ്റിയറിങ് കമ്മിറ്റിയിലും അദ്ദേഹം അംഗമായിരുന്നു. കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ഡയറക്ടർ, കേരള സംഗീത നാടക അക്കാദമി ചെയർമാൻ, കേരള ചലച്ചിത്ര അക്കാദമി വൈസ് ചെയർമാൻ എന്നീ നിലകളിൽ അദ്ദേഹം പ്രവർത്തിച്ചിരുന്നു. ദേശീയ, സംസ്ഥാന ചലച്ചിത്ര പുരസ്കാര നിർണ്ണയ സമിതികൾ, ഇന്ത്യൻ പനോരമ സെലക്ഷൻ സമിതി, എൻ.എഫ്.ഡി.സി. സ്ക്രിപ്റ്റ് കമ്മിറ്റി, ദൂരദർശൻ ഉപദേശക സമിതി എന്നിവയിൽ അംഗമായിരുന്നു. ലോകത്തിലെതന്നെ ഏറ്റവും ദൈർഘ്യമേറിയ കലാമേളകളിലൊന്നായ സൂര്യ ഫെസ്റ്റിവൽ സംഘടിപ്പിക്കുകയും അതിലൂടെ ലോകത്തിന്റെ നാനാഭാഗത്തുമുള്ള പ്രതിഭാശാലികളായ കലാകാരന്മാരെ ഒരുമിച്ച് ഒരു വേദിയിൽ കൊണ്ടുവരാൻ കഴിയുകയുംചെയ്തു എന്നുള്ളത് അദ്ദേഹത്തിന്റെ അസാമാന്യമായ സംഘടനാപാടവത്തിന്റെ തെളിവാണ്. അദ്ദേഹത്തിന്റെ വിയോഗം കലാ-സാംസ്കാരിക രംഗത്തിന് നികത്താനാകാത്ത നഷ്ടമാണ്.

Obituary Reference

ചെറുവയൽ രാമൻ

ജൈവകൃഷി സംരക്ഷകനും പൈതൃക നെൽവിത്തുകളുടെ കാവലാളുമായിരുന്ന ചെറുവയൽ രാമൻ 2026 ഒക്ടോബർ 14-ന് അന്തരിച്ചു. അന്യംനിന്നുപോകുമായിരുന്ന പാരമ്പര്യ നെൽവിത്തിനങ്ങളെ ഭാവിതലമുറയ്ക്കായി കരുതിവച്ചതിലൂടെ കാർഷിക പൈതൃകത്തിന്റെ കാവൽക്കാരനായി മാറിയ അദ്ദേഹം ‘ വയനാടിന്റെ നെല്ലച്ഛൻ’ എന്ന പേരിലും അറിയപ്പെട്ടിരുന്നു. 1952 ജൂൺ 6-ന് വയനാട് മാനന്തവാടി എടവക കമ്മനയിലെ ചെറുവയൽ കുറിച്യ തറവാട്ടിൽ കേളപ്പന്റെയും തേയിയുടെയും മകനായാണ് ജനനം. സങ്കര നെൽ വിത്തിനങ്ങളുടെ വരവോടെ പാരമ്പര്യ നെല്ലിനങ്ങൾ അന്യംനിന്നുപോകുന്നുവെന്ന തിരിച്ചറിവാണ് വിത്ത് ശേഖരണം ജീവിതവ്രതമാക്കാൻ ചെറുവയൽ രാമനെ പ്രേരിപ്പിച്ചത്. നൂറുവർഷങ്ങൾക്ക് മുമ്പ് വയനാട്ടിലുണ്ടായിരുന്ന നൂറിലേറെ നാടൻ നെൽവിത്തിനങ്ങളിൽ മുപ്പതെണ്ണത്തോളം കൃഷിചെയ്ത് നിലനിർത്തുവാൻ അദ്ദേഹത്തിന് സാധിച്ചു. രാസവളങ്ങളോ കീടനാശിനികളോ ഉപയോഗിക്കാതെയുള്ള ജൈവകൃഷിരീതിയായിരുന്നു

Obituary Reference

അദ്ദേഹത്തിന്റേത്. കർഷകൻ എന്നതിനുപുറമെ നല്ലൊരു പരിസ്ഥിതി പ്രവർത്തകൻ കൂടിയായിരുന്നു അദ്ദേഹം. 2011-ൽ ഹൈദരാബാദിൽവച്ച് നടന്ന ജൈവവൈവിധ്യ സംരക്ഷണത്തിനായുള്ള പതിനൊന്ന് രാജ്യങ്ങളുടെ സമ്മേളനത്തിൽ കേരളത്തിലെ കർഷകരെ പ്രതിനിധീകരിക്കുകയും 2018-ൽ ബ്രസീലിൽവച്ച് നടന്ന ട്രൈബൽ കോൺഗ്രസിൽ ഇന്ത്യയെ പ്രതിനിധീകരിക്കുകയും ചെയ്തു. കാർഷിക മേഖലയിലെ സംഭാവനകൾ മുൻനിർത്തി 2023-ൽ രാജ്യം അദ്ദേഹത്തിന് പത്മശ്രീ നൽകി ആദരിച്ചു. 2016-ലെ ജനിതക സംരക്ഷണ പുരസ്കാരം, കേന്ദ്ര കൃഷി മന്ത്രാലയത്തിന്റെ നാഷണൽ പ്ലാന്റ് ജീനോം സേവിയർ പുരസ്കാരം, 2026-ൽ കാർഷികമേഖലയിലെ സമഗ്ര സംഭാവനയ്ക്ക് മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ പേരിൽ സംസ്ഥാന കൃഷി വകുപ്പ് ഏർപ്പെടുത്തിയ പുരസ്കാരം എന്നിവ ലഭിച്ചിട്ടുണ്ട്. കാർഷിക മേഖലയിലെ മികവ് പരിഗണിച്ച് 2025-ൽ സംസ്ഥാന സർക്കാർ കേരള കാർഷിക സർവകലാശാലയുടെ പ്രൊഫസർ ഓഫ് പ്രാക്ടീസ് പദവിയും നൽകിയിരുന്നു. പ്രകൃതിയോടും പിറന്ന മണ്ണിനോടും ഭൂമിയിലെ ഓരോ മനുഷ്യനും പുലർത്തേണ്ട

Obituary Reference

ഉത്തരവാദിത്തമെന്താണെന്ന് സ്വയം തിരിച്ചറിയുകയും കാർഷികപൈതൃക സംരക്ഷണത്തിനായി അക്ഷീണം പ്രയത്നിക്കുകയും ചെയ്ത ചെറുവയൽ രാമന്റെ വിയോഗം കേരളത്തിന്റെ കാർഷിക മേഖലയ്ക്ക് നികത്താനാകാത്ത നഷ്ടമാണ്. അന്തരിച്ച മഹദ്വ്യക്തികളോടുള്ള ആദരസൂചകമായി നമുക്ക് അല്പസമയം എഴുന്നേറ്റ് നിൽക്കാം.

(പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റുനിന്ന് മൗനമാചരിച്ചു.)